മാധ്യമം 16 June 2023

## അനിയന്ത്രിത ചെറുമത്സ്യബന്ധനം

# കേരളത്തിന്റെ സമുദ്രമത്സ്യമേഖലക്ക് നഷ്ടം

● കിളിമീൻ പിടിച്ചതിൽ നഷ്ടം 178 കോടി, മത്തിയിൽ 137 കോടി നഷ്ടം



**കൊച്ചി:** അനിയന്ത്രിത ചെറുമത്സ്യബന്ധനം കാരണം സംസ്ഥാനത്തെ സമുദ്രമത്സ്യമേഖലക്ക് കഴിഞ്ഞവർഷവും നഷ്ടമുണ്ടായെന്ന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ). കഴിഞ്ഞവർഷം കേരളതീരത്തുനിന്ന് പിടിച്ച കിളിമീനിൽ 31 ശതമാനവും നിയമപരമായി പിടിക്കാവുന്ന വലുപ്പത്തിനേക്കാൾ (എം.എൽ.എസ്) ചെറുതായിരുന്നു. ഈ ഗണത്തിൽ 178 കോടി രൂപയാണ് നഷ്ടം.

മത്തിക്കുഞ്ഞുങ്ങളെ പിടിച്ചതിലൂടെയുള്ള നഷ്ടം 137 കോടിയാണ്. കേരളത്തിലെ മത്സ്യബന്ധനവും സുസ്ഥിരവികസനവും എന്ന വിഷയത്തിൽ നടന്ന ശിൽപശാലയിലാണ് സി.എം.എഫ്.ആർ.ഐ കണക്കുകൾ അവതരിപ്പിച്ചത്. മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമായി ട്രോളിങ് നിരോധന കാലയളവിലാണ് മത്തിപോലുള്ള മീനുകളുടെ കുഞ്ഞുങ്ങളെ ധാരാളമായി പിടിക്കുന്നതെന്ന് റിപ്പോർട്ട് അവതരിപ്പിച്ച പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ ടി.എം. നജ്മുദ്ദീൻ പറഞ്ഞു. എന്നാൽ, എം.എൽ.എസ് നടപ്പാക്കാൻ തുടങ്ങിയശേഷം ചെറുമീൻ മത്സ്യബന്ധനത്തിൽ മുൻകാലത്തേക്കാൾ കുറവ് വന്നിട്ടുണ്ട്.കൂടുതൽ മത്സ്യയിനങ്ങൾ എം.എൽ.എസ് നിയന്ത്രണത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തണമെന്നും നിലവിലെ ചില മത്സ്യയിനങ്ങളുടെ എം.എൽ.എസിൽ മാറ്റം വരുത്തേണ്ടതുണ്ടെന്നും പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ഇ.എം. അബ്ദുസമദ് പറഞ്ഞു. ഒരുടൺ ചെറുമത്തി പിടിക്കുമ്പോൾ മത്സ്യമേഖലക്ക് നഷ്ടമാകുന്നത് 4,54,000 രൂപയാണ്. ഇവയെ വളരാനനുവദിച്ചാൽ മത്സ്യമേഖലക്കും മത്സ്യത്തൊഴിലാളികൾക്കുമാണ് ഗുണം.

സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. സ്വയം നിയന്ത്രണങ്ങളും അനുകൂല കാലാവസ്ഥയുമാണ് കഴിഞ്ഞ വർഷം മത്തി ഉൾപ്പെടെ മത്സ്യോൽപാദനം കൂടാൻ കാരണമെന്ന് അദ്ദേഹം പറഞ്ഞു.